## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2398** — 01.04.2013 -ൽ മറുപടിക്ക്

## മലബാറിലെ പാരമ്പര്യ ആയുർവേദ, ഹോമിയോ ചികിൽസകരുടെ രജിസ്ട്രേഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) മലബാറിലെ പാരമ്പര്യ ആയുർവേദ, ഹോമിയോ ചികിൽസകരെ സർക്കാർ രജിസ്ട്രേഷനിൽ നിന്നും ഒഴിവാക്കി ക്കൊണ്ട് 2011 - ൽ ഉത്തരവ് ഇറക്കിയി ട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇതിൽ പാരമ്പര്യ യുനാനി ചികിത്സകർ (ഹക്കീം) ഉൾപ്പെട്ടിട്ടുണ്ടോ ; ഇല്ലായെ ങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാ ക്കാമോ ; | (ബി) ഇല്ല. വ്യാപകമായി പ്രചാരമുള്ള ഒരു ചികിത്സാ രീതി അല്ല യുനാനി. |
| (സി) പാരമ്പര്യ യുനാനി ചികിൽസകരെയും (ഹക്കീം) സർക്കാർ രജിസ്ട്രേഷനിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ; | (സി) 1953 - ലെ TCMP ACT 38 (1) പ്രകാരം പാര മ്പര്യ വൈദ്യൻമാർക്ക് പ്രാക്ടീസ് ചെയ്യുന്നതിന് ഇളവ് നൽകികൊണ്ടുള്ള സർക്കാർ ഉത്തരവ് സ്റ്റേ ചെയ്തുകൊണ്ട് ബഹു. ഹൈക്കോടതി 26.04.2011 -ൽ പുറപ്പെടുവിച്ച WP(C) No. 12533/11 - ന്മേലുള്ള ഇടക്കാല ഉത്തരവ് നിലനിൽക്കുന്നതി നാൽ, 1970 - ലെ ഇന്ത്യൻ മെഡിസിൻ സെൻട്രൽ കൗൺസിൽ ആക്ടിന്റെ 17 (3) (സി) വകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരം പാരമ്പര്യ വൈദ്യൻമാർക്ക് എക്സംപ്ഷൻ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർവ്വാഹമില്ല. |
| (ഡി) യുനാനി ചികിൽസകരുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കാൻ സർക്കാർ തയ്യാറാകുമോ ; ഇല്ലായെങ്കിൽ എന്തു കൊണ്ടാണെന്ന് വിശദമാക്കാമോ ; | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |